# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5667 02.07.2019-ൽ മറുപടിക്ക്

## സിനിമയുമായി ബന്ധപ്പെട്ട നിയമ ഭേദഗതികൾ

**ചോദ്യം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമയുമായി ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി സാംസ്കാരിക വകുപ്പിന്റെ ചുമതലയിൽ സിനിമാറഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20.01.2018 ലെ സ.ഉ.(സാധാ)നം.30/2018/സാ.കാ.വ, 25.05.2018 ലെ സ.ഉ.(സാധാ)നം. 363/2018/സാം.കാ.വ: ഉത്തരവുകൾ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സർക്കാരിലേയ്ക്ക് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ നിയമത്തിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | | |
| (സി) | ഇക്കാര്യത്തിൽ സിനിമയുമായി ബന്ധപ്പെട്ട സംഘടനകളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകളുമായെന്നും വ്യക്തമാക്കുമോ; | (സി) & (ഡി) | നിലവിൽ ചർച്ചകൾ നടത്തിയിട്ടില്ല. |
| (ഡി) | ഏതെങ്കിലും സംഘടനകളുടെ ഭാഗത്ത് നിന്ന് നിയമ ഭേദഗതി സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| (ഇ) | ഇക്കാര്യത്തിൽ സംഘടനകളുമായി ചർച്ചകൾ നടന്നിട്ടില്ലെങ്കിൽ അവരുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഇ) | കരട് നിർദ്ദേശങ്ങളുടെ പരിശോധന പൂർത്തിയാക്കിയതിനുശേഷം ചർച്ചകൾ നടത്തുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ